5775
24/11/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നൽകി വരുന്ന ഒറ്റത്തവണ ധനസഹായത്തിനുള്ള വാർഷിക കുടുംബവരുമാന പരിധി നിലവിലെ 50,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(കൈ) നം. 26/2018/സാനീവ. തീയതി, തിരുവനന്തപുരം , 13/11/2018.

=====================================================================

പരാമർശം: 1. സ.ഉ.(എം.എസ്) നം.63/2015/സാനീവ തീയതി 29.09.2015.
2. സാമൂഹ്യ നീതി ഡയറക്ടറുടെ 23.09.2017 ലെ എഫ് 4/16805/17 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന ഒറ്റത്തവണ ധനസഹായമായി 30000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) നല്കി വരുന്നുണ്ട്. നിലവിൽ ടി ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാന പരിധി 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപയാണ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നൽകിവരുന്ന ഒറ്റത്തവണ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാന പരിധി നിലവിലെ 50,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു പ്രഭാകർ**

സ്പെഷ്യൽ സെക്രട്ടറി.

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ (എ & ഇ)) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (19.09.2018 ലെ WW-WW2/151/2018-Fin (e-788982 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്.
വിവര പൊതുജനസമ്പർക്ക (നവമീഡിയ വിഭാഗം) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

2598

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 01 | ഫയൽ നം. | : | 186/സി1/2017/സാനീവ |
| 02 | വകുപ്പ് | : | സാമൂഹ്യനീതി (സി) വകുപ്പ് |
| 03 | വിഷയം | : | സാ.നീ.വ. - പട്ടികജാതി - പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിനുള്ള വാർഷിക കുടുംബവരുമാന പരിധി ഉയർത്തുന്നത്- സംബന്ധിച്ച് |
| 04 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/10/18 |
| 05 | (i) സാമ്പത്തികബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്<br>ഉണ്ട് |
| 06 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 07 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ലീലാമണി.കെ.എം. |
| 08 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിജു പ്രഭാകർ |
| 09 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 25/10/2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ടോം.ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02/11/2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 02/11/2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05/11/2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും, തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പട്ടികജാതി - പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന നൽകി വരുന്ന ഒറ്റത്തവണ ധനസഹായത്തിനുള്ള വാർഷിക കുടുംബവരുമാനപരിധി നിലവിലെ 50000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പട്ടികജാതി- പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന ഒറ്റത്തവണ ധനസഹായമായി 30000/- രൂപ (മുപ്പതിനായിരം രൂപ മാത്രം ) നൽകി വരുന്നുണ്ട്. നിലവിൽ ടി. ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാന പരിധി 50000/- ( അമ്പതിനായിരം രൂപ മാത്രം) രൂപയാണ്. തുടർന്ന് മിശ്രവിവാഹധനസഹായത്തിനുള്ള വരുമാന പരിധി 2 ലക്ഷം രൂപയായി ഉയർത്തുന്നതിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു മിശ്രവിവാഹധനസഹായം ഇനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ ലഭിച്ച അപേക്ഷകൾ, സാമ്പത്തിക ബാധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ, വരുമാന പരിധി 50,000/- രൂപയിൽ നിന്നും 2 ലക്ഷം രൂപയായി ഉയർത്തുമ്പോൾ ഉണ്ടായേക്കാവുന്ന അധിക സാമ്പത്തിക ബാധ്യത ഏകദേശം എത്ര വരുമെന്ന് കണക്കാക്കി അറിയിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിൽ ധനസഹായം നൽകുന്നതിന് 4,68,30,000/- രൂപ ആവശ്യമാണെന്നും വരുമാന പരിധി 2 ലക്ഷം രൂപയായി ഉയർത്തുമ്പോൾ 1,17,07,500/- രൂപ ( ഒരു കോടി പതിനേഴ് ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) അധിക സാമ്പത്തിക ബാദ്ധ്യത വരുമെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"മിശ്രവിവാഹധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി 50,000 രൂപയിൽ നിന്നും 1 ( ഒരു ) ലക്ഷം രൂപയായി വർധിപ്പിക്കുന്നതിനു അംഗീകാരം നൽകുന്നു .

ഇതിന് ബഹു . ധനമന്ത്രിയുടെ അംഗീകാരമുണ്ട് ."

4) ഇതിന്റെ അടിസ്ഥാനത്തിൽ, പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാനപരിധി 50,000 രൂപയിൽ നിന്നും 1 ( ഒരു ) ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചതിൽ ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

പട്ടികജാതി - പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന നൽകി വരുന്ന ഒറ്റത്തവണ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാനപരിധി നിലവിലെ 50,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്താവുന്നതാണോ?

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 07-11-2018**

ഫയൽ നം.186/സി1/2017/സാ.നീ.വ. ഇനം നം: 2598

വിഷയം : സാമൂഹ്യനീതി വകുപ്പ്- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിനുള്ള വാർഷിക കുടുംബ വരുമാന പരിധി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.